## പതിമൂന്നാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3874** **18/10/2011-ൽ മറുപടിക്ക്**

### വിദ്യാഭ്യാസ നയങ്ങൾ പുനഃപരിശോധന

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. ഉബൈദുള്ള :<br>" കെ. മുഹമ്മദുണ്ണി ഹാജി: | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സ്കൂൾ പാഠ്യപദ്ധതിയിലും പരീക്ഷാ നടത്തിപ്പിലും മുൻ സർക്കാരിന്റെ കാലത്ത് പരിഷ്കാരങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;<br><br>ബി) എങ്കിൽ ഏതെല്ലാം പരിഷ്കാരങ്ങളാണ് ഏർപ്പെടുത്തിയത് വിശദമാക്കാമോ; | എ)യും ബിയും | ഉണ്ട്. പ്രൈമറി തലത്തിലേയും സെക്കന്ററി തലത്തിലേയും പാഠ്യപദ്ധതി "കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007" നെ ആസ്പദമാക്കി പരിഷ്ക്കരിക്കുകയുണ്ടായി. ഇതനുസരിച്ച് 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പാഠപുസ്തകങ്ങളും പരിഷ്കരിക്കുകയുണ്ടായി. (പത്താംതരം ഐ.സി.റ്റി. ഒഴികെ). പ്രൈമറി തലത്തിലെ മൂല്യനിർണ്ണയത്തിന് നേരിട്ടുള്ള ഗ്രേഡിംഗ് ഏർപ്പെടുത്തുകയുണ്ടായി. മൂന്ന് ടേം പരീക്ഷകൾ എന്നത് 2 അർദ്ധവാർഷിക പരീക്ഷകളായി നിജപ്പെടുത്തുകയും ചെയ്തു. തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തെ സംബന്ധിച്ച് പരീക്ഷാ നടത്തിപ്പിൽ ചുവടെ കൊടുത്തിരിക്കുന്ന പരിഷ്ക്കാരങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.<br>1. ഗ്രേഡിംഗ് സ്കീമിൽ മാർച്ച് 2009 വരെയുള്ള അന്തിമ പരീക്ഷയിൽ റഗുലർ വിദ്യാർത്ഥികളുടെ അന്തിമ ഫലം നിർണ്ണയിച്ചിരുന്നത്, രണ്ടാം വർഷത്തെ സ്കോറുകൾ മാത്രം പരിഗണിച്ചായിരുന്നു. എന്നാൽ 2010 മാർച്ച് മുതൽ ഗ്രേഡിംഗ് സ്കീമിലുള്ള റഗുലർ വിദ്യാർത്ഥികളുടെ ഒന്നും രണ്ടും വർഷ സ്കോറുകൾ കൂടി പരിഗണിച്ചാണ് അന്തിമ പരീക്ഷാഫലം നിർണ്ണയിക്കുന്നത്. |

(.....2)

2. മാർച്ച് 2009 മുതൽ ഒന്നാം വർഷ പൊതു പരീക്ഷ ഏർപ്പെടുത്തി.

3. എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയുമായി ബന്ധപ്പെടുത്തി രണ്ടാം വർഷത്തെ ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് എന്നീ വിഷയങ്ങൾക്ക് മാത്രമായി പൊതു മൂല്യനിർണ്ണയ ക്യാമ്പും, ഇരട്ട മൂല്യനിർണ്ണയവും ഏർപ്പെടുത്തി. ഈ വിഷയങ്ങളുടെ പുനർ മൂല്യനിർണ്ണയം ഇല്ലാതാക്കി. മേൽ വിഷയങ്ങൾക്ക് മാത്രമായി പ്രത്യേകം ബാർകോഡുള്ള ഉത്തരക്കടലാസുകൾ ഏർപ്പെടുത്തി. രണ്ടാം വർഷ ഫിസിക്സ്,കെമിസ്ട്രി, മാത്തമാറ്റിക്സ് എന്നീ വിഷയങ്ങളുടെ പരീക്ഷാഫലം നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ പൊതു പരീക്ഷാ ബോർഡിന്റെ കീഴിലായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തു.

4. കന്നഡ, തമിഴ് എന്നീ പ്രാദേശിക ഭാഷകളിൽകൂടി പരീക്ഷ എഴുതുന്നതിനുള്ള സൗകര്യം വിദ്യാർത്ഥികൾക്കായി ഏർപ്പെടുത്തി.

ഹയർ സെക്കണ്ടറി വിദ്യാഭ്യാസം സംബന്ധിച്ച് 2008-2009 ൽ പ്ലസ് വണ്ണിലും 2009-10 ൽ പ്ലസ് ടു വിലും ഫിസിക്സ്,കെമിസ്ട്രി, ബയോളജി, ഇക്കണോമിക്സ്, പൊളിറ്റിക്കൽ സയൻസ്, ജ്യോമെട്രി, മാത്തമാറ്റിക്സ് എന്നീ വിഷയങ്ങളിൽ എൻ.സി.ഇ.ആർ.ടി. സിലബസ്സ് നടപ്പിലാക്കി.

| | | | |
|---|---|---|---|
| സി) | ഓണപ്പരീക്ഷ പുനഃസ്ഥാപിച്ചതുപോലെ കഴിഞ്ഞ സർക്കാരിന്റെ വിദ്യാഭ്യാസ നയങ്ങൾ പുനഃപരിശോധിക്കാനും ആരോഗ്യകരമായ മാറ്റങ്ങൾ വരുത്താനും തയ്യാറാകുമോ? | സി) | വിദ്യാഭ്യാസ അവകാശ (ആർ.ടി.ഇ.) നിയമത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം ഉചിതമായ സമയത്ത് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ